**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 –2332120, 2338487

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം -2025

## അപേക്ഷകളിൽ ന്യൂനതയുള്ളവരുടെ പട്ടിക പ്രസിദ്ധീകരിച്ചു

2025-26 അധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി സമർപ്പിച്ച അപേക്ഷയിലും അനുബന്ധമായി അപ്‌ലോഡ് ചെയ്ത രേഖകളിലും ന്യൂനതകൾ ഉള്ളവരുടെ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത വെബ്സൈറ്റിലെ ഹോം പേജിൽ **'Defective List'** എന്ന മെനു ക്ലിക്ക് ചെയ്ത് അപേക്ഷകർക്ക് ലിസ്റ്റ് കാണാവുന്നതാണ്.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് **'BParm (Lateral Entry) 2025 Candidate Portal'** എന്ന ലിങ്കിൽ ലഭ്യമായ 'Memo Details' എന്ന മെനു ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകും. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ അപേക്ഷകൻ ഓൺലൈനായി തന്നെ **03.11.2025 പകൽ 11 മണിക്ക്** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതല്ല.

മേൽപറഞ്ഞ നിശ്ചിത സമയത്തിനകം നേറ്റിവിറ്റി രേഖകളിലെ ന്യൂനതകൾ പരിഹരിക്കാത്തവരുടെ സാമുദായിക, പ്രത്യേക സംവരണാനുകൂല്യങ്ങൾ റദ്ദാകുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ** : 0471 –2332120, 2338487

**Signed by Arun S Nair**
**Date: 29-11-2025 18:44:30**

തിരുവനന്തപുരം
29-11-2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**